"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ കിടങ്ങന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 2-ൽ റീസർവ്വേ നമ്പർ 277/9, 277/9-1, 277/10-ൽ സ്ഥിതിചെയ്യുന്ന കുറിച്ചിമുട്ടം സെന്റ്. സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തോട് ചേർന്ന് നിൽക്കുന്ന 234 ക്യൂബിക് മീറ്റർ പാറ നീക്കം ചെയ്യുന്നതിന് ശ്രീ.എബ്രഹാം തോമസ്, ട്രസ്റ്റി, സെന്റ്. സ്റ്റീഫൻസ് ഓർത്തഡോക്സ് ചർച്ച്, കുറിച്ചിമുട്ടം എന്ന വ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.19/2026/ID തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 03.01.2025, 26.08.2025-ലെ ശ്രീ.എബ്രഹാം തോമസ്, ട്രസ്റ്റി, സെന്റ്. സ്റ്റീഫൻസ് ഓർത്തഡോക്സ് ചർച്ച്, കുറിച്ചിമുട്ടം സർപ്പിച്ച അപേക്ഷ.
3. 25.08.2025-ലെ അടൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDOADR/4097/2024-B3 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
4. 12.02.2025, 03.09.2025-ലെ പത്തനംതിട്ട ജില്ലാ ജിയോളജിസ്റ്റിന്റെ 11/DOPTA/M/2025 നമ്പർ കത്തുകൾ.
5. 19.11.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/420/2025-M5 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ കിടങ്ങന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 2-ൽ റീസർവ്വേ നമ്പർ 277/9, 277/9-1, 277/10-ൽ സ്ഥിതിചെയ്യുന്ന കുറിച്ചിമുട്ടം സെന്റ്. സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തോട് ചേർന്ന് നിൽക്കുന്ന പാറ പ്രധാന ദിവസങ്ങളിൽ പ്രദക്ഷിണത്തിനും മറ്റും തടസ്സമായി നിൽക്കുന്നതിനാൽ ആയത് മാറ്റുന്നതിനുള്ള അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് ടി ദേവാലയത്തിന്റെ ട്രസ്റ്റി ശ്രീ. എബ്രഹാം തോമസ് താലൂക്കുതല പരാതി പരിഹാര അദാലത്തിൽ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.സി ചട്ടം 104 പ്രകാരം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരം അപേക്ഷകൻ ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ചട്ടം 104 പ്രകാരമുള്ള അനുമതിക്കായി അടൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാമർശം(3) നിരാക്ഷേപ സാക്ഷ്യപത്രവും അപേക്ഷകൻ ഹാജരാക്കിയിട്ടുണ്ട്. ജില്ലാ ഓഫീസിൽ നിന്നും ടി സ്ഥലത്ത് 08.01.2025 തീയതിയിൽ നടത്തിയ പരിശോധനയിൽ 13 മീറ്റർ നീളത്തിലും 12 മീറ്റർ വിതിയിലും 1.5 മീറ്റർ ഉയരത്തിലും സ്ഥിതി ചെയ്യുന്ന 234 ക്യൂബിക് മീറ്റർ കരിങ്കല്ല് പൊട്ടിച്ച് മാറ്റേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതായി ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കോഴഞ്ചേരി താലൂക്കിൽ കിടങ്ങന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 2 ൽ റീസർവ്വേ നമ്പർ 277/9, 277/9-1, 277/10 ൽ സ്ഥിതി ചെയ്യുന്ന 234 ക്യൂബിക് മീറ്റർ പാറ നിബന്ധനകൾക്ക് വിധേയമായി പൊട്ടിച്ചു മാറ്റുന്നതിന് ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(5) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ കിടങ്ങന്നൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 2-ൽ റീസർവ്വേ നമ്പർ 277/9, 277/9-1, 277/10-ൽ സ്ഥിതിചെയ്യുന്ന കുറിച്ചിമുട്ടം സെന്റ്. സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തോട് ചേർന്ന് നിൽക്കുന്ന പാറ പ്രധാന ദിവസങ്ങളിൽ പ്രദക്ഷിണത്തിനും മറ്റും തടസ്സമായി നിൽക്കുന്നതിനാൽ ആയത് മാറ്റുന്നതിനുള്ള

അനുവാദം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.എബ്രഹാം തോമസ്, ട്രസ്റ്റി, സെന്റ്. സ്റ്റീഫൻസ് ഓർത്തഡോക്സ് ചർച്ച്, കറിച്ചിമുട്ടം സർപ്പിച്ച അപേക്ഷയിൽ, മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെയും അടൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ ടി സ്ഥലത്തുനിന്നും 234 ക്യൂബിക് മീറ്റർ പാറ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.പരിസരവാസികൾക്കും പരിസ്ഥിതിക്കും ദോഷം ഉണ്ടാകാതെ മാത്രമേ ഖനന പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ.

2.ആർ.ഡി.ഒ.-യുടെ നിരാക്ഷേപ സാക്ഷ്യപത്രത്തിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

3.പരിസ്ഥിതിക്ക് കോട്ടം വരാതെയും റോഡ് ഗതാഗതത്തിന് തടസം വരാത്ത രീതിയിലും മാത്രമേ കരിങ്കല്ല് നീക്കം ചെയ്യുവാൻ പാടുള്ളൂ.

4. സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാതെ പാറ നീക്കം ചെയ്യേണ്ടതാണ്.

5. ചട്ടം 104 ദുരുപയോഗം ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ നൽകിയ അനുമതി റദ്ദുചെയ്യുകയും കൂടാതെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം നിയമനടപടി സ്വീകരിക്കുന്നതുമാണ്.

6. നീക്കം ചെയ്യുന്ന ധാതുവിന്റെ റോയൽറ്റി മുൻകൂറായി ഒടുക്ക് വരുത്തേണ്ടതാണ്.

7.സമീപത്തെ പുരയിടങ്ങളുടെ ലാറ്ററൽ സപ്പോർട്ട് നഷ്ടപ്പെടാത്തവിധം വേണം കരിങ്കല്ല് ഇളക്കി മാറ്റേണ്ടത്.

8. വസ്തുവിൽ നിന്നും കരിങ്കല്ല് നീക്കം ചെയ്യുമ്പോൾ ഒരോ വാഹനത്തിലും ട്രാൻസിറ്റ് പാസ് അനുവദിക്കേണ്ടതും ആയതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ച് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

9. അപേക്ഷാ സ്ഥലത്ത് അനധികൃത ഖനനം നടക്കുന്നില്ല എന്ന് ജില്ലാ മിനറൽ സ്ക്വാഡ് ഉറപ്പുവരുത്തേണ്ടതാണ്.

10. പത്തനംതിട്ട ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SABU ANTONY K

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം

റവന്യൂ ഡിവിഷണൽ ഓഫീസർ, അടൂർ

ജില്ലാ ജിയോളജിസ്റ്റ്, പത്തനംതിട്ട

ശ്രീ.എബ്രഹാം തോമസ്, ട്രസ്റ്റി, സെന്റ്. സ്റ്റീഫൻസ് ഓർത്തഡോക്സ് ചർച്ച്, കറിച്ചിമുട്ടം, പത്തനംതിട്ട-689532

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

സെക്ഷൻ ഓഫീസർ

Date: 06-01-2026 12:48:49